Mathrubhumi 29.10.17

# മണ്ണുത്തിയിൽ ജൈവകീടനാശിനികൾ വ്യാവസായികമായി ഉത്പാദിപ്പിക്കും -മന്ത്രി

തിരുവനന്തപുരം: കാർഷിക സർവകലാശാലകളിലെ കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ജൈവകീടനാശിനികൾ ഉത്പാദിപ്പിക്കുമെന്ന് കൃഷി മന്ത്രി വി.എസ്.സുനിൽകുമാർ പത്രസമ്മേളനത്തിൽ പറഞ്ഞു.

മണ്ണുത്തി കാർഷിക സർവകലാശാലയിലെ രണ്ടു കേന്ദ്രങ്ങളിലായി വൻതോതിൽ ജൈവകീടനാശിനി ഉത്പാദിപ്പിക്കാൻ തീരുമാനമായി. കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾക്ക് ഇതിനാവശ്യമായ സാമ്പത്തിക സഹായം സർക്കാർ നൽകും.

കീടനാശിനികളുടെ പരിശോധനയ്ക്ക് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ശ്രീകാര്യത്തെ ഐ.സി.എ.ആർ.(കേന്ദ്ര കിഴങ്ങ് വർഗ ഗവേഷണ കേന്ദ്രത്തിൽ) നടന്ന കേന്ദ്ര-സംസ്ഥാന സമ്പർക്ക യോഗത്തിൽ ഇതുസംബന്ധിച്ചു ധാരണയായി.

കേരളത്തിൻെറ ആവശ്യങ്ങളടങ്ങിയ നിർദേശങ്ങൾ ഒരു മാസത്തിനകം ഐ.സി.എ.ആർ. ഡയറക്ടർ ജനറൽ ഡോ. ടി.മൊഹപാത്രയ്ക്കു നൽകും. 'ഫയലിൽനിന്ന് വയലിലേക്ക്' എന്ന നൂതന ആശയം കർഷകരിലേക്കെത്തിക്കാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.